പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 147 — 12.06.2019 ൽമറുപടിയ്ക്ക്

## അന്തർ സംസ്ഥാന സ്റ്റേജ് കാര്യേജ് സർവീസ്

| ചോദ്യം<br>ശ്രീ.പി.വി. അൻവർ<br>,, സജി ചെറിയാൻ<br>,, കെ. ആൻസലൻ<br>,, കാരാട്ട് റസാഖ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഐ.ടി. വ്യവസായ കേന്ദ്രങ്ങളായ ബംഗളൂരു, ചെന്നൈ ഉൾപ്പെടെയുള്ള അയൽ സംസ്ഥാന നഗരങ്ങളിൽ വളരെയധികം കേരളീയർ ഉള്ളതിനാൽ അവരുടെ സൗകര്യാർത്ഥം ബന്ധപ്പെട്ട സംസ്ഥാനങ്ങളുമായി ചർച്ചചെയ്ത് കെ.എസ്.ആർ. ടി.സി. കൂടുതൽ അന്തർ സംസ്ഥാന സ്റ്റേജ് കാര്യേജ് സർവീസ് നടത്താൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (എ) | ബാംഗ്ലൂർ, ചെന്നൈ തുടങ്ങിയ പ്രധാന നഗരങ്ങളിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തമിഴ്നാട്ടുമായുള്ള അന്തർ സംസ്ഥാന ഗതാഗത കരാർ പ്രകാരമുള്ള നടപടികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ടി കരാർ പ്രകാരം എറണാകുളം-ചെന്നൈ റൂട്ടും, തിരുവനന്തപുരം-ചെന്നൈ റൂട്ടും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കോയമ്പത്തൂർ, സേലം വഴി ബാംഗ്ലൂരിലേയ്ക്കും, ഗൂഡല്ലൂർ, മൈസൂർ വഴി ബാംഗ്ലൂരിലേയ്ക്കും ഉള്ള റൂട്ടുകൾ ആവശ്യമായ ബസ്സുകളുടെ ലഭ്യത ഉറപ്പാക്കിയ ശേഷം പ്രസ്തുത സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. തമിഴ്നാട്ടുമായി രൂപീകരിച്ച പുതിയ ഗതാഗത കരാർ പ്രകാരം എല്ലാ വർഷവും ഓണം, ദസറ, ദീപാവലി, ക്രിസ്തുമസ്, മധ്യവേനൽ അവധികാലം, ശബരിമല ഉത്സവകാലം എന്നിങ്ങനെ യാത്രാതിരക്ക് അനുഭവപ്പെടുന്ന എല്ലാ ഉത്സവകാലത്തും ആവശ്യാനുസരണം സർവ്വീസുകൾ നടത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 2019 ഏപ്രിൽ മാസം മുതൽ ബാംഗ്ലൂരിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ നടത്തുന്നതിനായി 29 ബസ്സുകൾ അധികമായി പെർമിറ്റ് എടുത്ത് ഉപയോഗിച്ച് വരികയുമാണ്. |
| (ബി) | അന്തർ സംസ്ഥാന യാത്ര സൗകര്യത്തിന്റെ അപര്യാപ്തത മുതലെടുത്ത് വൻകിട സ്വകാര്യ ബസ് ഓപ്പറേറ്റർമാർ വ്യക്തിഗത കരാറിന്റെ | (ബി) | . 24/04/2019 മുതൽ മോട്ടോർ വാഹന വകുപ്പ് "Operation Nightriders " എന്ന പേരിൽ അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന കോൺട്രാക്ട് കാര്യേജുകളിൽ രാത്രികാല |

| | | | |
|---|---|---|---|
| | അടിസ്ഥാനത്തിൽ യാത്രക്കാരെ വഹിക്കാനുദ്ദേശിച്ചുകൊണ്ടുള്ള കോൺട്രാക്റ്റ് കാര്യേജ് പെർമിറ്റ് ദുരുപയോഗം ചെയ്ത് ഫലത്തിൽ സ്റ്റേജ് കാര്യേജുകളായി ഓടിക്കുന്നത് നിയന്ത്രിക്കാൻ നടപടിയെടുക്കുമോ; | | പരിശോധന നടത്തിവരുന്നു. ഇത്തരത്തിൽ നിയമ വിരുദ്ധമായി സ്റ്റേജ് കാര്യേജ് സർവ്വീസ് നടത്തിയ 7480 കേസുകൾ നാളിതുവരെ രജിസ്റ്റർ ചെയ്യുകയും 2,76,09,850/- (രണ്ടു കോടി എഴുപത്തിയാറു ലക്ഷത്തി ഒൻപതിനായിരത്തി എണ്ണൂറ്റി അൻപത്) രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | കോൺട്രാക്റ്റ് കാര്യേജ് നടത്തിപ്പുകാർ യാത്രക്കാർക്കുവേണ്ട പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്താതിരിക്കുകയും യാത്രക്കാരെ ഭീഷണിപ്പെടുത്തുകയും ആക്രമിക്കുകയും ചെയ്ത സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ഇത്തരം ഓപ്പറേറ്റർമാരെ നിയന്ത്രിക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | 1989 ലെ കേരള മോട്ടോർ വാഹന ചട്ടത്തിലെ റൂൾ 193 പ്രകാരം എൽ എ പി റ്റി ലൈസൻസ് അനുവദിക്കുമ്പോഴും നിലവിലുള്ള ലൈസൻസുകൾ പുതുക്കി നൽകുമ്പോഴും പാലിക്കേണ്ട നിബന്ധനകൾ നിഷ്കർഷിച്ചു കൊണ്ട് 26/4/19 ലെ 74/ബി1/19/ഗതാ പ്രകാരം സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച് ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | മോട്ടോർ വാഹന നിയമപ്രകാരം കോൺട്രാക്റ്റ് കാര്യേജ് പെർമിറ്റിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഡി) | 1988 ലെ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 74 ലെ നിബന്ധനകൾ പ്രകാരമാണ് കോൺട്രാക്റ്റ് കാര്യേജ് പെർമിറ്റ് അനുവദിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**